**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314** **27-06-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യൂ ടി. തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽവരുന്ന റോഡുകൾ,തോടുകൾ,ആറുകൾ,പുറമ്പോക്കുകൾ,തരിശു നിലങ്ങൾ എന്നിവയുടെ രേഖകളടങ്ങിയ ആസ്തി രജിസ്റ്റർ പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്** |
| (ബി) | ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ? | (ബി) | കേരള അക്കൗണ്ട്സ് റൂൾ 2011, റൂൾ 80 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും, കൈമാറിയതുമായ സ്ഥാവര ജംഗമ ആസ്തി വിവരങ്ങൾ ഉചിതമായ ആസ്തി രജിസ്റ്ററുകളിൽ സെക്രട്ടറി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.<br><br>തദ്ദേശ സ്ഥാപനങ്ങളിൽ ഫീൽഡ് തല സർവ്വേ നടത്തി, ആസ്തികളുടെ വിവര ശേഖരണം നടത്തി, നിശ്ചിത പ്രൊഫോർമയിലുള്ള രജിസ്റ്ററുകളിൽ തയ്യാറാക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചി ട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ രജിസ്റ്ററുകൾ IKM തയ്യാറാക്കിയ 'സചിത്ര' സോഫ്റ്റ് വെയറിലൂടെ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുകയുണ്ടായി. തുടർന്ന്, ആസ്തി രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും, പൂർണ്ണമായും കുറ്റമറ്റ താക്കുന്നതിനും, ഡിജിറ്റൽ രജിസ്റ്ററായി സൂക്ഷിക്കുന്നതും സംബന്ധിച്ച്, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവി ച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ വിവരങ്ങൾ 'M-Asset' ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്നതിന് മൊബൈൽ ഫോൺ വാങ്ങുന്നതിനും, ഡാറ്റാകണക്ഷൻ ചാർജ് അനുവദി ച്ചിട്ടുണ്ട്. റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ |

| | | | |
|---|---|---|---|
| | | | സ്ഥപനങ്ങളിൽ കെ.എസ്.ആർ. ഇ.സി തയ്യാറാക്കിയിട്ടുള്ള ആർ-ട്രാക്ക് മൊബൈൽ ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വിവിധ ഇനം ആസ്തികളുടെ ഡിജിറ്റലൈസേഷൻ 8 ജില്ലകളിൽ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ